# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: അവധി, സ്ഥാനക്കയറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 7375 /എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 12.10.2018

സൂചന:- (1) 14.09.2018-ലെ ശ്രീ. സന്തോഷ് കെ. വർഗീസ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറുടെ അവധിയ്ക്കുള്ള അപേക്ഷ.
(2) സി.ഇ. 301/65/2018, തീയതി 11.10.2018 പ്രകാരമുള്ള ഓഫീസ് ഉത്തരവ്.
(3) ജി.ഒ.(പി) നമ്പർ 42/2010/പി & എ.ആർ.ഡി. തീയതി 20.12.2010.

## ഉത്തരവ്

ശ്രീ. സന്തോഷ് കെ. വർഗീസ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ, 15.10.2018 മുതൽ 38 ദിവസത്തേക്ക് ശൂന്യവേതനാവധിക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് താഴെ പ്രതിപാദിച്ചിരിക്കുന്ന സ്ഥാനക്കയറ്റം, നിയമനം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്/ തസ്തിക/സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഒഴിവ് ഉൾക്കൊള്ളിക്കാവുന്നത് | നിയമനം |
|---|---|---|---|---|
| 1. | ശ്രീമതി. സാറാമ്മ തോമസ്<br>സെക്ഷൻ ഓഫീസർ<br>EI 38 സെക്ഷൻ | 15.10.2018 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500 - 85,000/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സന്തോഷ് കെ. വർഗീസ്, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചരിക്കുന്നു. |
| 2. | ശ്രീ. കൃഷ്ണകുമാർ ആർ.<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>CITAD | 15.10.2018 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 - 79,200/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി. സാറാമ്മ തോമസ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | EM III സെക്ഷനിൽ, ശ്രീ. സന്തോഷ് കെ. വർഗീസ്, സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ചതിനെത്തു ടർന്നുണ്ടായ ഒഴിവിൽ നിയമിച്ചിരിക്കുന്നു. |

ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക്, ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടേയും മറ്റു അനുബന്ധ രേഖകളുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സൂചന (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം, സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ് കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമിക് വിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ / പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III /ഫിനാൻസ് I/II/ എഡി.എ. III/ എഡി.എ. IV/ എഡി.എ. VI/ എഡി.എ. VIII/ എ.ഡി.സി. I/II/III/ എഫ്.സി.സി/എഡി.ബി. IX/ ഓഡിറ്റ് II/EN X/CITAD
8. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

റഫറൻസ് നമ്പർ: എഡി.എ1-2-200/2018 (സബ്ഫയൽ)

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം